ദുരാരാദ്ധ്യം സമാരാദ്ധ്യ വിഷ്ണും സർവ്വേശ്വരേശ്വരം
യോ വൃണീതേ മനോഗ്രാഹ്യമസത്ത്വാത് കുമനീഷ്യസൌ **(10-48-11)**
ഛിന്ധ്യാശു ന: സുതകളത്ര ധനാപ്ത ഗേഹ
ദേഹാദിമോഹരശനാം ഭവ ദീയമായാം **(10-48-27)**
ഭവദ്വിധാ മഹാഭാഗാ നിഷേവ്യാ അർഹസത്തമാ:
ശ്രേയസ്ക്കാമൈർനൃഭിർന്നിത്യം ദേവാ: സ്വാർത്ഥാ ന സാധവ: **(10-48-30)**
ന ഹ്യമ്മയാനി തീർത്ഥാനി ന ദേവാ മൃച്ഛിലാമയാ:
തേ പുനന്ത്യുരു കാലേന ദർശനാദേവ സാധവ: **(10-48-31)**

*ശുകമുനി തുടർന്നു:*
ഭഗവാൻ കൃഷ്ണൻ ത്രിവക്രയോടു ചെയ്ത വാഗ്ദാനമോർമ്മിച്ചു. ത്രിവക്രയെന്ന കൂനുള്ള ദാസിക്ക് ആരോഗ്യവും സൗന്ദര്യവും കൃഷ്ണൻ നൽകിയിരുന്നുവല്ലോ. ഉദ്ധവനുമായി അദ്ദേഹം അവളെ സന്ദർശിച്ചു. അവൾ അതീവ സന്തോഷവതിയായി അതിഥികൾക്ക് ഇരിപ്പിടം നൽകി. എന്നിട്ട് കുളിച്ച് ആടയാഭരണങ്ങളണിഞ്ഞു. ലജ്ജാവതിയായി ഒതുങ്ങി നിന്നിരുന്ന ത്രിവക്രയെ അടുപ്പിച്ചു നിർത്തി കൃഷ്ണൻ അവളുടെ മാറിടങ്ങളിൽ സ്വന്തം പാദങ്ങളമർത്താൻ അനുവദിച്ചു. അവൾ കൃഷ്ണനെ ആലിംഗനം ചെയ്തു പുണർന്നു. അങ്ങിനെ എല്ലാ ദുരിതങ്ങളിൽ നിന്നുമവൾ മോചിതയായി. കൃഷ്ണൻ അവളുടെ ആഗ്രഹപ്രകാരം അവിടെ കുറച്ചു നാൾ താമസിച്ചിട്ട് ഉദ്ധവനുമായി മടങ്ങി. ലഭിക്കാൻ ഏറെ പ്രയാസമുള്ള ഭഗവൽ കൃപ ലഭിച്ചതിനു ശേഷവും മനസ്സിൻെറയും ഇന്ദ്രിയങ്ങളുടെയും ആഗ്രഹനിവൃത്തിക്കായി പരിശ്രമിക്കുന്നവരുടെ കാര്യം നിർഭാഗ്യകരമെന്നേ പറയേണ്ടൂ.

കൃഷ്ണൻ അക്രൂരനു കൊടുത്ത വാഗ്ദാനവും ഓർമ്മിച്ചു. ബലരാമനും ഉദ്ധവനുമൊരുമിച്ച് അദ്ദേഹത്തിൻെറ ഭവനത്തിൽ കൃഷ്ണൻ സന്ദർശനം നടത്തി. അക്രൂരൻ സന്തോഷത്തിൻെറ ഉച്ചകോടിയിലായിരുന്നു. രാമകൃഷ്ണൻമാർ പ്രായത്തിൽ ചെറിയവരെങ്കിലും അവരുടെ ദിവ്യതയെന്തെന്ന് അക്രൂരനറിയാമായിരുന്നു. അക്രൂരനവരെ പൂജിച്ചിരുന്നു. അദ്ദേഹം പ്രാർത്ഥിച്ചു. 'സകലചരാചരങ്ങൾക്കും അന്തര്യാമിയായ അവിടുന്ന് ഭഗവാൻെറ അവതാരവും പരമശക്തിയുമത്രെ. അവിടുന്ന് വിശ്വത്തെ സൃഷ്ടിച്ച് സംരക്ഷിക്കുന്നു. അജ്ഞാനസീമക്കുമപ്പുറമാണങ്ങ്. കാലക്രമത്തിൽ മാറ്റങ്ങളുണ്ടാവുന്ന ഈ ശരീരത്തിൽ നിബദ്ധമല്ല അവിടുന്ന്. അവിടുന്ന് അജനും അനന്തനും അനശ്വരനുമത്രെ. ധർമ്മപരിപാലനത്തിനായി സ്വേച്ഛപ്രകാരം പരിപൂർണ്ണ സത്വസ്വരൂപമായ ഒരു ശരീരം സ്വീകരിച്ച് അവിടുന്നവതരിക്കുന്നു. സർവ്വർക്കും സുഹൃത്തും എല്ലാം നൽകുന്നവനും (അവിടുത്തെപ്പോലും) ആയ ഭഗവാൻെറ മുന്നിലല്ലാതെ ജ്ഞാനികൾ മറ്റൊരാളുടെയും പക്കൽ അഭയം യാചിക്കയില്ല തന്നെ. ഞങ്ങളുടെ പരമഭാഗ്യം കൊണ്ടാണ് അവിടുത്തെ പാദരേണുക്കൾ ഈ ഗൃഹത്തിൽ പതിയാൻ ഇടയായത്. ഭഗവാനേ സംപ്രീതനായാലും. പുത്രൻ, ഭാര്യ, സമ്പത്ത്, സുഹൃത്തുക്കൾ, ഗൃഹം, ശരീരം തുടങ്ങിയ എല്ലാ ബന്ധങ്ങളും അവിടുത്തെ തന്നെ മായയാണല്ലോ. അവകളെ അറുത്തു കളയാൻ ഞങ്ങളെ അനുഗ്രഹിച്ചാലും.

*കൃഷ്ണൻ പറഞ്ഞു:* 'ഞങ്ങൾ നിങ്ങൾക്ക് മക്കളാണല്ലോ. നിങ്ങൾ കാരണവൻമാരും. ജ്ഞാനികൾ നിങ്ങളേപ്പോലുള്ള വരെയാണ് പൂജിക്കേണ്ടത്. ദേവൻമാർപോലും സ്വാർത്ഥമതികളത്രെ. എന്നാൽ അങ്ങയെപ്പോലുള്ള മഹാത്മാക്കൾ അങ്ങിനെയല്ല. കുറെയേറെക്കാലത്തെ ഭക്തിസാധനകൾ കൊണ്ട് പുണ്യനദികളും ബിംബങ്ങളും ഭക്തനെ ശുദ്ധീകരിക്കുമെന്നതു ശരി തന്നെ. എന്നാൽ മഹാത്മാക്കളുടെ നോട്ടമൊന്നുകൊണ്ടു തന്നെ ഭക്തൻ പവിത്ര പാവനനാകുന്നു. ദയവുചെയ്ത് അങ്ങ് ഹസ്തിനാപുരം വരെയൊന്ന് പോയി അവിടത്തെ കാര്യങ്ങൾ അന്വേഷിച്ചു വരണം. പാണ്ഡവൻമാർ അജ്ഞാതവാസം കഴിഞ്ഞ് മടങ്ങിയിരിക്കുന്നു. എന്നാൽ ദുഷ്ടപുത്രൻമാരുടെ പ്രേരണ കൊണ്ട് ധൃതരാഷ്ട്രമഹാരാജാവ് പാണ്ഡു പുത്രൻമാരോട് നീതി കാട്ടാൻ മടി കാണിക്കുന്നു. അങ്ങു നേരിൽക്കണ്ട് കാര്യങ്ങൾ മനസ്സിലാക്കി വന്നിട്ട് നമ്മുടെ സുഹൃത്തുക്കളും ഭക്തരുമായവരുടെ രക്ഷയ്ക്കു വേണ്ടി ഉചിതമായി എന്തു ചെയ്യണമെന്നു തീരുമാനിക്കാം.